# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 394 — 6-2-2013-ൽ മറുപടിക്ക്

### പാലക്കാട് ജില്ലയിലെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക

ചോദ്യം — ഉത്തരം

ശ്രീ. വി. ചെന്താമരാക്ഷൻ

ശ്രീ. ആര്യാടൻ മുഹമ്മദ്.

(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.)

(എ) പാലക്കാട് ജില്ലയിലെ സർക്കാർ , പൊതുമേഖലാ, സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി ചാർജ്ജ് കുടിശ്ശികയായി സർക്കാരിലേക്ക് ലഭിക്കേണ്ട തുക എത്ര; വിശദാംശം ലഭ്യമാക്കുമോ ;

(എ) 2012 സെപ്റ്റംബർ 30 വരെയുള്ള കുടിശ്ശികയുടെ കണക്ക് പ്രകാരം പാലക്കാട് ജില്ലയിലെ പാലക്കാട്- ഷൊർണ്ണൂർ ഇലക്ട്രിക്കൽ സർക്കിളുകളുടെ കീഴിൽ എച്ച്.റ്റി, എൽ.റ്റി വിഭാഗങ്ങളിലുള്ള സർക്കാർ പൊതുമേഖല സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി ചാർജ്ജ് കുടിശ്ശികയായി സർക്കാരിലേയ്ക്ക് ലഭിയ്ക്കേണ്ട തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. വൈദ്യുതി ബോർഡിൽ ഇലക്ട്രിക്കൽ സർക്കിൾ അടിസ്ഥാനത്തിലാണ് കുടിശ്ശിക ക്രോഡീകരിക്കുന്നത്.

| | | എച്ച്.റ്റി | എൽ.റ്റി | മൊത്തം |
|---|---|---|---|---|
| (i)സർക്കാർ സ്ഥാപനങ്ങൾ | പാലക്കാട് | 16,88,396 | 8,51.75.766 | 8,68,64.162 |
| | ഇല.സർക്കിൾ ഷൊർണ്ണൂർ | 9,58,031 | 18,05,808 | 27,63,839 |
| (ii) പൊതുമേഖലാ സ്ഥാപനങ്ങൾ | പാലക്കാട് | 1,40,15,932 | 5,19,83,223 | 6.59,99,155 |
| | ഷൊർണ്ണൂർ | 1,77.19,839 | 6.53,67,813 | 8.30.87.652 |
| (iii) സ്വകാര്യ മേഖല | പാലക്കാട് | 15.38,37.705 | 9,48,00,000 | 24.86.37.705 |
| | ഷൊർണ്ണൂർ | 1,38.02,631 | 1.50,72,020 | 2.88.74.651 |
| | ആകെ മൊത്തം | | | 51.62.27.164 |

ആകെ — 51.62 കോടി

എച്ച്.റ്റി വിഭാഗത്തിലെ കുടിശ്ശികയുടെ ചേർത്തിട്ടുണ്ട്.

(ബി) കുടിശ്ശിക പിരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

(ബി) കുടിശ്ശിക പിരച്ചെടുക്കാൻ നിയമാനുസൃതമായ നടപടികൾ വൈദ്യുതി ബോർഡ് സ്വീകരിച്ചു വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(i) യഥാസമയം വൈദ്യുതി ചാർജ്ജ് അടയ്ക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുത ബന്ധം വിച്ഛേദിക്കുക.

(ii) ആറുമാസത്തിലേറെയായി വിച്ഛേദിച്ചു കിടക്കുന്ന വൈദ്യുത കണക്ഷൻ അഴിച്ചുമാറ്റി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുക.

(iii) കുടിശ്ശിക ഒടുക്കുന്നതിന് തവണ വ്യവസ്ഥ അനുവദിക്കുക.

(iv) പൂട്ടിക്കിടന്ന എച്ച്.റ്റി, എൽ.റ്റി വിഭാഗങ്ങളിലുള്ള വ്യവസായ സ്ഥാപനങ്ങൽ പ്ലാന്റേഷനുകൾ എന്നിവ നിശ്ചിത തീയതിക്ക് മുമ്പെ തുറന്നു പ്രവർത്തിക്കുകയാണെങ്കിൽ പൂട്ടിക്കിടന്ന കാലയളവിലെ ഡിമാന്റ് ചാർജ്ജ്, ഫിക്സഡ് ചാർജ്ജ് എന്നിവ ഒഴിവാക്കി നൽകുക.

V). ദീർഘമായി കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കൾ മുതൽ ഒറ്റത്തവണയിലോ തവണകളായോ ഒടുക്കുകയാണെങ്കിൽ പലിശയിൽ ഇളവനുവദിച്ചു കൊടുക്കുക. പൂട്ടിക്കിടക്കുന്ന വ്യവസായ ശാലകൾ തുറന്നു പ്രവർത്തിക്കുന്നുവെങ്കിലോ അന്തിമമായി കുടിശ്ശികകണക്കുകൾതീർപ്പാക്കുകയാണെങ്കി- ലോ പലിശ 3% ആയി ഇളവ് ചെയ്ത്

നൽകുന്നതാണ്. മറ്റ് ഉപഭോക്താക്കൾക്ക് പലിശ5%ആയിരിക്കും. കുടിശ്ശികയിലെ മുതൽ ഒറ്റത്തവണയിൽ അടയ്ക്കുകയാണെങ്കിൽ മാത്രമേ മേൽ പ്രസ്താവിച്ച ഇളവുകൾ ലഭിക്കുകയുള്ളൂ. അല്ലാത്ത പക്ഷം പലിശ യഥാക്രമം 6%ഉം 9%ഉം ആയിരിക്കുന്നതാണ്. ഈ പദ്ധതിയുടെ കാലാവധി 31.03.2013 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു.

vi) കോടതികളിൽ കുടിശ്ശിക സംബന്ധിച്ച് നിലവിലുള്ള വ്യവഹാരങ്ങൾ വേഗത്തിൽ തീർപ്പാക്കാനുതകുന്ന പ്രവർത്തനങ്ങൾ നടത്തുക.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്